കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൃഷ്ണപുരം ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.4/147/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 13.02.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി.4/147/2019 തീയതി.13.02.2019

## ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.05.2017 മുതൽ 30.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.11.2018 മുതൽ<br>30.11.2018വരെ | ശ്രീ.രഞ്ജീവ് .വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി.മായാദേവി.സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഷീബ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ബി.വിജയമ്മ | 01.04.2017 മുതൽ 31.03.2018വരെ |

2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഐ.റഫീക്ക് | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഷാമിലാ ബഷീർ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ശിഖാ .ജി.കൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.രാധാമണി രാജൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| | | | |

3) സെക്രട്ടറി

| | |
|---|---|
| ശ്രീമതി. ഡി.എസ്.ആദില | 01.04.2017 മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ധനലക്ഷ്മി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.രമ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കൃഷ്ണപ്രിയ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ആനന്ദ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ശ്രീമതി.ഗീത | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഡോ.ഡോളി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി. എസ്, കുന്നം. | ശ്രീ.വിനോദ് | 01.04.2017 മുതൽ 31.05.2017 വരെ |
| | പി.എൻ.ഉഷാകുമാരി | 01.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീദേവി.വി.എസ് | 01.04.2017 മുതൽ 04.10.2017 വരെ |
| | ശ്രീ.ജിതുരാജ് | 04.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഷൈലജ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.ഷാജഹാൻ | 01.04.2017 മുതൽ<br>31.07.2017 വരെ |
| | ശ്രീമതി.സിന്ധു ഈശ്വരൻ | 01.08.2017 മുതൽ<br>20.08.2017 വരെ |
| | ശ്രീ. ഗിരീഷ് ബാബു | 21.08.2017 മുതൽ<br>31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1മുതൽ<br>1-11 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | രസീത് പിരിവിൽ അപാകം, ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കു വരുത്തി. |
| 3 | 2-2 | ഇ - ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല |
| 4 | 2-3 | ഡി & ഒ :ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 5 | 2-4 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| ഭാഗം – 3 | | |
| 6 | 3-1 | തെരുവുവിളക്ക് സ്ഥാപനം ഉറപ്പാക്കാനായില്ല ; ചെലവ് തടസ്സപ്പെടുത്തുന്നു |
| 7 | 3-2 | മരുന്ന്, ഉപകരണങ്ങൾ ലഭിക്കുന്നതിൽ കാലതാമസം |
| 8 | 3-3 | ഭൂരഹിതർക്ക് ഭൂമി വാങ്ങി നല്കിയ വ്യക്തിയെ വീട് നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തിയില്ല |
| 9 | 3-4 | വീട് പുനരുദ്ധാരണം - അർഹതാരേഖകൾ പൂർണ്ണമല്ല |
| 10 | 3-5 | വിവാഹധനസഹായം - ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെയും സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നല്കിയതിന്റെയും രേഖകളില്ല |
| 11 | 3-6 | നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തികൾ പൂർത്തിയായിട്ടില്ല |
| 12 | 3-7 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി |
| 13 | 3-8 | സാസ്കാരികനിലയം ലൈബ്രറി പ്രവർത്തനം നിർത്തി |
| 14 | 3-9 | പമ്പ് ഹൗസ്-കളയ്ക്കാട് റോഡ് റീടാറിംഗ്:നഷ്ടപരിഹാരം ഈടാക്കിയില്ല |
| 15 | 3-10 | സേവന നികുതി : രസീതില്ലാതെ കരാറുകാരന് നല്കി |
| 16 | 3-11 | ടാറിംഗ് പ്രോജക്ട്: ടാറിന്റെ ബില്ല് ഇല്ല |
| 17 | 3-12 | ഗുണഭോക്തൃ സമിതിക്ക് ഓവർഹെഡ് ചാർജ് അധികം നല്കി |
| 18 | 3-13 | പി.റ്റി.എ.ക്ക് ഓവർഹെഡ് ചാർജ് അധികം നല്കി |
| ഭാഗം – 4 | | |
| 19 | 4-1മുതൽ<br>4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 21 | അനുബന്ധം.2 | |


## ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 80543072 | 75728573 |
| വാർഷിക കണക്ക് പ്രകാരം | 53020766 | 60200401 |

വാർഷിക കണക്കും ബജറ്റും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റിലെ പ്രതീക്ഷിത വരവിന്റെ 65.83% മാത്രമാണ് വാർഷിക കണക്കിലെ യഥാർത്ഥ വരവ്. യഥാർത്ഥ ചെലവാകട്ടെ പ്രതീക്ഷിത ചെലവിന്റെ 75.5% വും. ഇതിൽ നിന്ന് തന്നെ ഗ്രാമപഞ്ചായത്ത് ബജറ്റ് തയാറാക്കുന്നത് യാഥാർത്ഥ്യബോധത്തോടെയല്ലെന്ന് വ്യക്തമാകുന്നു. ബജറ്റിംഗിൽ ഗൗരവസമീപനം പുലരേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 25.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ.-എ.എൽ.പി.-ജി.എ.4-1126(15)/2018 തീയതി: 30.07.2018നമ്പർ സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,10,10,290 |
| വരവ് | 5,30,20,766 |
| ആകെ | 6,40,31,056 |
| ചെലവ് | 6,02,00,401 |
| നീക്കിയിരിപ്പ് | 38,30,655 |

## 1-5.ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 14749000 | 14749000 | 12873632 | 1875368 |
| എസ്.സി. പി | | 6147244 | 6147244 | 3018383 | 3128861 |
| ടി.എസ്.പി | | 130947 | 130947 | 107892 | 23055 |
| സി.എഫ്. സി | | 6927163 | 6927163 | 6082481 | 844682 |
| കെ.എൽ.ജി. എസ്.ഡി.പി | | 2026488 | 2026488 | 1595873 | 430615 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 6040000 | 6040000 | 3692358 | 2347642 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 3261000 | 3261000 | 3140916 | 120084 |
| എൻ.ആർ.ഇ.ജി.എസ് | 46248 | 951285 | 997533 | 993658 | 3875 |
| ബി.ഫണ്ട് | | 99000 | 99000 | 99000 | 0 |
| എസ്.ബി.ഐ. സാക്ഷരത. | 2008 | 77 | 2085 | 0 | 2085 |
| എസ്.ബി.ഐ.ഇ പെയ്മെന്റ് | 0 | 91440 | 91440 | 21212 | 70228 |
| ട്രഷറി-ഓൺഫണ്ട് ജനറൽ പർപ്പസ് ഫണ്ട് | 3904562 | 9429000 | 13333562 | 12522761 | 810801 |
| ട്രഷറി-റ്റിഎസ്ബി ജോയിന്റ് വെന്ച്വർ | 1090000 | 1057141 | 2147141 | 1929600 | 217541 |
| ട്രഷറി-റ്റിഎസ്ബി (വി.പി.എഫ്.) | 972 | 0 | 972 | 0 | 972 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| തനത് ഫണ്ട്. (ജില്ലാസഹകരണ ബാങ്ക്) | 1005560.53 | 14989 | 1020549.53 | 808554 | 211995.53 |
| തനത് ഫണ്ട്. (ബാങ്ക് ഓഫ് ഇന്ത്യ) | 3600603 | 10402909 | 14003512 | 12418221 | 1585291 |
| എസ്.ജി.എസ്.ആർ.വൈ | 9639 | 370 | 10009 | 0 | 10009 |

ഫണ്ട് വിനിയോഗ പത്രികയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വികസനഫണ്ട് (മൂന്ന് ശീർഷകം), സംരക്ഷണ ഗ്രാന്റ് (രണ്ട് ശീർഷകം). ധനകാര്യകമ്മീഷൻ ഗ്രാന്റ്, കെ.എൽ.ജി.എസ്.പി സഹായം എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് 39281842 രൂപ സർക്കാർ സഹായം ലഭിച്ചിരുന്നു. ഇതിൽ 8762807രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. നഷ്ടപ്പെടുത്തിയ തുക ഓഡിറ്റ് വർഷത്തെ ആകെ വരവിന്റെ 22.31%മാണ്. ഈ കണക്കുകൾക്കൊപ്പം തൊട്ട് താഴെയുള്ള പദ്ധതി അവലോകന പത്രികയിലെ വിവരങ്ങൾ കൂടി പരിശോധിക്കുക. ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണ പ്രക്രിയയിൽ പിഴവുകൾ ഉണ്ടെന്നതിന്റെ തെളിവാണ് ഈ സ്ഥിതിവിവരങ്ങൾ. അതിനാൽ ആസൂത്രണ പ്രക്രിയയിലെ ആന്തര ദൗർബല്യങ്ങൾ പരിഹരിച്ച് ആവിഷ്കരിക്കുന്ന പ്രോജക്ടുകളിൽ 90% എങ്കിലും നടപ്പാക്കി സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്നത് ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 173 | 63723408 | 110 | 35645134 | 60 | 3 | 63.58 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46248.39 | 951285 | 997533 | 993658 | 3875 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകുന്നത്. | - | 38803245 | 38803245 | 38803245 | - |
| ആകെ | | 0 | 39800778 | 39796903 | 3875 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 99000 | 255 |
| കർഷകതൊഴിലാളി പെൻഷൻ | 3703800 | 331 |
| വിധവാപെൻഷൻ | 11250000 | 1015 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 25280700 | 2080 |
| വികലാംഗപെൻഷൻ | 3843100 | 362 |
| അവിവാഹിതപെൻഷൻ | 505300 | 42 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2018 തീയതിയിൽ ഉച്ചയ്ക്ക ശേഷം 3.30 മണിക്ക് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26282 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ്മാനവൽ പാർട്ട് 1 അനുബന്ധം ബി.)

ആഭ്യന്തര നിയന്ത്രണത്തിൽ പോരായ്മകൾ വ്യക്തമാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരുടേയും ജോലികൾ വിവരിച്ച് സമഗ്രമായ ജോലിവിഭജന രേഖ തയാറാക്കി നടപ്പിൽ വരുത്തിയതായി കാണുന്നില്ല. പണം പിരിവിൽ മേൽ പരിശോധനയില്ല. അക്കൗണ്ടന്റ് തലത്തിൽ മാത്രമാണ് പരിമിതമായ പരിശോധന നടക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി,സെക്രട്ടറി,ജെ.എസ് എന്നീ ഉയർന്നതലത്തിൽ കൃത്യമായ ഇടവേളകളിൽ പണം പിരിവിന്മേൽ സമഗ്ര പരിശോധന നടത്തേണ്ടതാണ്. അതോടൊപ്പം നിത്യേനയുള്ള പരിശോധനയ്ക്ക് ഒരു ഉദ്യോഗസ്ഥനെ ഓഫീസ് ഓർഡർ വഴി ചുമതലപ്പെടുത്തേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.

- പഞ്ചായത്തിന്റെ തനത് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ഒരു സേവിംഗ്സ് അക്കൗണ്ട് മാത്രമേ നിലനിർത്താവൂ എന്നതിനാൽ നിലവിൽ സൂക്ഷിക്കുന്ന രണ്ട് സേവിംഗ്സ് അക്കൗണ്ടുകളിൽ ഒന്ന് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- എസ്.ജി.ആർ.വൈ.അക്കൗണ്ടിലെ നീക്കിയിരിപ്പ് സർക്കാരിൽ നിന്നും അനുവാദം വാങ്ങി ക്ലോസ് ചെയ്യേണ്ടതാണ്.
- ഗ്രാമപഞ്ചായത്ത് വക അറവുശാല പ്രവർത്തനമില്ലെങ്കിലും കറണ്ട് ചാർജ്ജ് അടയ്ക്കുന്നുണ്ട്. ടി കെട്ടിടത്തിനടുത്ത് അങ്കണവാടി പ്രവർത്തിക്കുന്നുവെന്ന് ഓഡിറ്റ് എക്സിറ്റ് വേളയിൽ വിശദീകരിക്കുകയുണ്ടായി. കറണ്ട് ചാർജ്ജിന്റെ താരിഫ് അടിസ്ഥാനമാക്കി അങ്കണവാടിയുടെ നിരക്കിൽ മാത്രം ഏറ്റവും കുറഞ്ഞ് നിരക്കിലുള്ള ചെലവ് ഉറപ്പു വരുത്തേണ്ടതാണ്.
- ഓരോ മാസവും കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നീയിനങ്ങളിലുള്ള വൻ ചെലവ് ഉണ്ടാകുന്നു. ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് തെരുവുവിളക്കുകളുടേയും ടാപ്പുകളുടെയും എണ്ണം നിജപ്പെടുത്തുകയും തെരുവുവിളക്കുകളുടെ മീറ്റർ സ്ഥാപനം യാഥാർത്ഥ്യമാക്കുകയും ചെയ്ത് ഈയിനങ്ങളിലെ ആവർത്തനച്ചെലവ് പരമാവധി കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്.
- പഞ്ചായത്ത് രാജ് ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ച് ദിവസവേതന ജീവനക്കാരെ നിയമിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.2018 | 10/2018 | 05.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.04.2012 | 2010-11,2011-12 | 12.06.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പിരിവിൽ അപാകം, ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കു വരുത്തി

എ) രസീതു പ്രകാരം പിരിച്ച തുക അടവാക്കിയില്ല. വിശദ വിവരം ചുവടെ.

| ബുക്ക് നം. | രസീത് നം. തീയതി | അടയ്ക്കേണ്ട തുക | അടവാക്കിയതുക | അടച്ചതിൽ കുറവ് |
|---|---|---|---|---|
| 7949 | 11/26.03.18 | 2010 | - | 2010 |
| 7946 | 67 മുതൽ 76 വരെ | 6411 | 6402 | 9 |

ഓഡിറ്റ് അന്വേഷണം (12/15.12.18) മുഖേന വിഷയം ശ്രദ്ധയിൽ പെടുത്തിയപ്പോൾ 17.12.2018 ലെ 118110102569 രസീത് പ്രകാരം തുക (2019) അടവാക്കി.

ബി) ദൈനംദിന പണപ്പിരിവ്, ഒടുക്ക് മേൽപരിശോധനയില്ല

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പണം പിരിവ്, ഒടുക്ക് എന്നിവയിൽ ശരിയായ മേൽ പരിശോധന നടത്തുന്നില്ല. ഇതൊരു തെറ്റായ പ്രവണതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണ (12/15.12.18) ത്തിനുള്ള മറുപടിയിൽ ദൈനംദിന പണം പിരിവ്, പണം ഒടുക്കൽ പിൻവലിക്കൽ എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നത് കാഷ്യർ, അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരാണെന്ന് മറുപടി നൽകി. വേണ്ടത്ര മേൽ പരിശോധന നടത്താതെ ദൈനംദിന പണം ഒടുക്കൽ നടത്തുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടവരുത്തുവാൻ സാധ്യത ഉണ്ടാക്കുന്നതാകയാൽ അപാകത പരിഹരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഇ - ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല

മരാമത്ത് പ്രോജക്ടുകളുടെ ഇ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് തിരികെ ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരവാണ് ഇത്. വലിയ തുകയാണ് ഓരോ വർഷത്തേയും ഈ ഇനത്തിലെ വരവ്. ഇത് തനത് ഫണ്ടിലേക്ക് ഈടാക്കാത്തതിനാൽ താല്ക്കാലിക വരവ് നഷ്ടത്തിനൊപ്പം പലിശയും നഷ്ടപ്പെടുന്നു.

2017-18 ലേയും മുൻ വർഷങ്ങളിലേയും ഈ ഇനത്തിലെ വരവിന്റെ കണക്കു സംബന്ധിച്ച് മരാമത്ത് പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ധാരണയില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സ്ഥിരം ക്ലർക്ക് ഉണ്ടായിട്ടും ഈ വരവിന്റെ രജിസ്റ്റർ സൂക്ഷിച്ച് അത് കൃത്യമായി തിരികെ ഈടാക്കാത്തത് വലിയ വീഴ്ചയാണ്. ഈ വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഈ ഇനത്തിലെ വരവ് നഷ്ടത്തിന്റെ വ്യാപ്തി ധനകാര്യ സ്ഥിരം സമിതിയെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ 2017-18ൽ ഇ - ടെണ്ടറായി നടപ്പാക്കിയ താഴെ വിവരിക്കുന്ന പ്രോജക്ടുകൾക്ക് ടെണ്ടർ ഫീസായി കരാറുകാർ ഒടുക്കിയ തുകയുടെ വിവരം ചേർക്കുന്നു.

| പ്രോജക്ട് നം. | ടെണ്ടർ ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയ ടെണ്ടർ ഫീസ് |
|---|---|---|---|
| 70/18(60/17) | 1470 | 4 | 5880 |
| 68/18(57/17) | 1260 | 3 | 3780 |
| 71/18(63/17) | 1050 | 2 | 2100 |
| 60/18(47/17) | 1890 | 5 | 9490 |

| | | | |
|---|---|---|---|
| 81/18(123/17) | 1470 | 6 | 8820 |
| 75/18(91/17) | 1160 | 2 | 2320 |
| ആകെ | | | 32390 |

ഇ – ടെണ്ടർ ഫീസ് ഇനത്തിൽ കിട്ടാനുള്ള മുഴുവൻ തുകയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ :ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നത് ഉചിതമല്ല. പഞ്ചായത്ത് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 349 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 263 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 ൽ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നത് വ്യക്തമാണ്. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ തൊഴിൽ നികുതിയിനത്തിലും ആനുപാതികമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ലൈസൻസ് ഫീസ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം 14 കരാറുകാർ പഞ്ചായത്തിലെ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. എന്നാൽ ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/15.12.18) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്ക് സ്ഥാപനം ഉറപ്പാക്കാനായില്ല ; ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം : പേര് | 46/18, തെരുവുവിളക്ക് സ്ഥാപിക്കൽ 1,5,7,9 വാർഡുകളിൽ |
| ചെലവ് തുക | 222480 രൂപ |
| ബിൽ നം :/ തീയതി | 7/22.08.2017 |

ടി പ്രോജക്ട് പ്രകാരം 3090 രൂപ നിരക്കിൽ 72 എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ചതിന് 222480 രൂപ ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ (കൃഷ്ണപുരം, കായംകുളം എന്നീ സെക്ഷനുകളിൽ ) നിന്നും ലഭിച്ച സാക്ഷ്യപത്രം അനുസരിച്ച് ആകെ 69 എൽ.ഇ.ഡി. ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്നിരിക്കെയാണ് 72 ലൈറ്റുകൾ സ്ഥാപിച്ചതിന് ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് 222480 രൂപ നല്കിയത്. ഇതിന്റെ കാരണം വ്യക്തമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിലും ഓഡിറ്റിന്റെ എക്സിറ്റ് മീറ്റിംഗിലും എല്ലാ വിളക്കുകളും സ്ഥാപിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥയും ഭരണസമിതി അംഗങ്ങളും വ്യക്തമാക്കി. എന്നാൽ അത് സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതരിൽ നിന്നും ഈ വിവരം ഉറപ്പാക്കിയിട്ടില്ല. അതിനാൽ മൂന്നു എൽ.ഇ.ഡി. ലൈറ്റുകളുടെ വില 9270 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 മരുന്ന്, ഉപകരണങ്ങൾ ലഭിക്കുന്നതിൽ കാലതാമസം

മരുന്ന്, രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി രണ്ട് പ്രോജക്ടുകൾ പ്രകാരം കാരുണ്യ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (K.M.C.L.) മുൻകൂറായി തുക നല്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. 48791 രൂപയുടെ മരുന്ന്, ഉപകരണങ്ങൾ എന്നിവ കിട്ടിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക, ബിൽ നം./ തീയതി | K.M.C.L.ന് നല്കിയ തുക | കിട്ടാനുള്ളതിന്റെ വിവരം |
|---|---|---|---|
| 55 / 18` ആശുപത്രിയിലേക്ക് ഉപകരണങ്ങളും മരുന്നും വാങ്ങൽ | 2,00,000രൂപ 3/2017-18, 22.08.2017 | 2,00,000രൂപ | 34093 രൂപയുടെ മരുന്ന് കിട്ടിയില്ല |
| 13/18 സ്വാന്തനപരിചരണപദ്ധതി | 6,00,000 രൂപ 1,05,000 രൂപ KMCL ന് നല്കി 8/2017-18, 09.01.2018 | 1,05,000 രൂപ [80,000(മരുന്ന്) + 25000 (ഉപകരണങ്ങൾ) = 1,05,000] | 12579 രൂപയുടെ മരുന്നും 2119 രൂപയുടെ ഉപകരണങ്ങളും കിട്ടിയില്ല. |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം | | |

സമൂഹത്തിൽ ഏറെ അവശതയനുഭവിക്കുന്ന രോഗികൾക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. മരുന്ന കിട്ടുന്നതനുസരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-3 ഭൂരഹിതർക്ക് ഭൂമി വാങ്ങി നല്കിയ വ്യക്തിയെ വീട് നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തിയില്ല

പ്രോജക്ട് നം : 44 /18 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ

ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പ്രോജക്ട് പ്രകാരം ശ്രീമതി. ആദിത്യ രാജു, ടിയാളിന്റെ ഭർത്താവ് വിഷ്ണു എന്നിവരുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് 1,50,000 രൂപ സബ്സിഡി നല്കിയിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കളുമായി 2016-17-ൽ കരാർ ചമച്ചിട്ടുള്ളതും തൻവർഷം നടപ്പാക്കാത്തതുമായ പ്രോജക്ടുകളാണ് സ്പിൽ ഓവറായി 2017-18 ൽ നടപ്പാക്കാൻ അനുവദിച്ചിട്ടുള്ളത് എന്നിരിക്കെ അപ്രകാരമുള്ള കരാർ ഇല്ലാതെയാണ് ടി പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കിയത്. ടി പ്രോജക്ട് സംബന്ധിച്ച് ഹാജരാക്കിയ എല്ലാ നടപടിക്രമങ്ങളും 2017-18 ലേതാണ്. ഈ സാഹചര്യത്തിൽ പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കിയത് എങ്ങനെയാണെന്ന് തൃപ്തികരമായി വിശദീകരിക്കാനായില്ല.

ടി പ്രോജക്ട് പ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താവിന് വീട് നിർമ്മിച്ച് നല്കുന്നതിന് ടിയാനെ ഭവനനിർമ്മാണപദ്ധതിയിൽ / ഭൂരഹിതഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം (ഓ.അ.നം:18,18.12.2018) നല്കിയെങ്കിലും ആയത് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ഭൂമി ഗുണഭോക്താവിന് വീട് നിർമ്മിക്കുന്നതിന് പ്രയോജനപ്പെട്ടുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

## 3-4 വീട് പുനരുദ്ധാരണം - അർഹതാരേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്ട് നം:, പേര് | 25/18, വീട് പുനരുദ്ധാരണം. |
| ചെലവ് | 1,00,000 രൂപ |
| ബിൽ നം . | 1/2017-18, Rs.25000/-,തീയതി.10.07.17 5/2017-18 തീയതി.17.07.17 Rs.75000/- |

| | |
|---|---|
| | |
| ഫണ്ടിനം | വികസനഫണ്ട് എസ്.സി.പി.ഫണ്ട് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം വീട് പുനരുദ്ധാരണത്തിന് 25000 രൂപ വീതം 4 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. കെട്ടിടം നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞവർക്കാണ് ഈ സബ്സിഡിയ്ക്ക് അർഹതയുള്ളത്. ഇവിടെ ആനുകൂല്യം കൈപ്പറ്റിയ സുജി.എൻ, കോളശ്ശേരിക്കുറ്റി, ലക്ഷംവീട് എന്നയാളുടെ വീടിന്റെ നികുതി നിർണ്ണയിച്ചത് എന്നാണെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകളില്ല. മറ്റ് മൂന്ന പേരും [1. വാവാച്ചി, ശുഭാസദനം, കാപ്പിൽ കിഴക്ക്, കൃഷ്ണപുരം. 2. ശശികല, മുത്തിനിത്താഴ, പുള്ളിക്കണക്ക്. 3.രജിത, അജയഭവനം, തെക്ക് കൊച്ചുമുറി] ഹാജരാക്കിയ ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിൽ 2016-17ലാണ് കെട്ടിടനികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് പറയുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയതുമില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക -1,00,000 രൂപ തടസ്സപ്പെടുത്തുന്നു. അർഹതാരേഖകൾ ബോദ്ധ്യപ്പെടുത്താൻ സാധിക്കാത്ത പക്ഷം ചെലവ് നിരാകരിക്കുന്ന തായിരിക്കും.

## 3-5 വിവാഹധനസഹായം - ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെയും സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നല്കിയതിന്റെയും രേഖകളില്ല

| | |
|---|---|
| പ്രോജക്ട് നം:, പേര് | 26/18, വിവാഹധനസഹായം |
| ചെലവ് | 50,000 രൂപ |
| ബിൽ നം . | 3/17-18 തീയതി.17.07.2017 |
| ഫണ്ടിനം | വികസനഫണ്ട് - എസ്.സി.പി. |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം ശ്രീമതി. ബിന്ദു. കെ, പുതുമംഗലത്ത്, കാപ്പിൽ കിഴക്ക്, കൃഷ്ണപുരം എന്ന വ്യക്തിയ്ക്ക് വേണ്ടി സബ്സിഡിതുക 50000 രൂപ മാറിയിട്ടുണ്ട്. സബ്സിഡിതുക 67293301685 എന്ന അക്കൗണ്ടിലേക്ക് പണം നല്കിയിട്ടുണ്ട്. എന്നാൽ ടി ബാങ്ക് അക്കൗണ്ട് ശ്രീമതി. ബിന്ദുവിന്റേതാണെന്ന് കാണിക്കുന്ന രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ടിയാൾക്ക് ആനുകൂല്യം നല്കിയതിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖയും പരിശോധനയ്ക്ക് ലഭിച്ചില്ല. ഈ വിഷയത്തിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയതുമില്ല. ചെലവിന്റെ കൃത്യത ഉറപ്പാക്കാനാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തികൾ പൂർത്തിയായിട്ടില്ല

താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലും പ്രവൃത്തി പൂർത്തിയായിട്ടില്ല. പ്രവർത്തന പുരോഗതി അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 26 തീയതി.19.12.2018) മറുപടി നല്കിയതുമില്ല. ഈ സാഹചര്യത്തിൽ, ഈയിനത്തിലെ ആകെ ചെലവ് ( 31,36,600 രൂപ) തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നം :/പേര് | ചെലവ് (രൂപ) | ഏജൻസി |
|---|---|---|
| 128/18 തെരുവുവിളക്ക് ലൈൻ വലിക്കൽ | 2,80,000 | കെ.എസ്.ഇ.ബി. |
| 169/18 പൈപ്പ് ലൈൻ നീട്ടൽ (വാർഡ് -6) | 7,50,000 | കെ.ഡബ്ല്യു.ഡി. |
| 130/18 പൈപ്പ് ലൈൻ നീട്ടൽ | 21,06,600 | കെ.ഡബ്ല്യു.ഡി. |
| ആകെ | 31,36,600 | |

എത്രയും വേഗം പണി പൂർത്തിയാക്കി പഞ്ചായത്ത് വിഭാവനം ചെയ്ത ലക്ഷ്യം സാധ്യമാക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 3-7 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്റ്റ് നടപ്പാക്കി

| | |
|---|---|
| പ്രോജക്റ്റ് നം : പേര് | 112 / 18<br>പഞ്ചായത്തിലെ കായിക വികസനം |
| അടങ്കൽ | 50000 |
| ചെലവ് തുക | 47487 |
| ബിൽ നം : / തീയതി<br>നിർവഹണം-സെക്രട്ടറി | 32/ 28.03.2017 -- 34247.00<br>33/28.03/2017 – 7500.00<br>36/28.03.2017 -- 5740.00<br>ആകെ -- 47487.00 |

ടി പ്രോജക്റ്റ് പ്രകാരം 15 പേർ ഉൾപ്പെടുന്ന പഞ്ചായത്ത്തല വോളിബോൾ ടീം രൂപീകരിച്ചതിന് താഴെപ്പറയുന്ന ഇനങ്ങളിൽ 47487 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം വാങ്ങി നല്കാനാകാത്ത ഷൂസ് വാങ്ങി വിതരണം ചെയ്തുൾപ്പടെ 17487 രൂപ, സർക്കാർ നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കിയത് കാരണം കൂടുതൽ ചെലവായിട്ടുണ്ട്.

| ഇനം | ചെലവ് |
|---|---|
| വോളിബാൾ, നെറ്റ്, റോപ്പ്, മാർക്കിംഗ് പൗഡർ | 9000 |
| ജഴ്സി, ഷോർട്സ് | 6000 |
| ഷൂ | 15000 |
| ചായ & ലഘുഭക്ഷണം | 700 |
| സ്നാക്സ് | 3075 |
| സ്രട്ടിഫിക്കറ്റ് | 472 |
| പരിശീലന ഫീസ് | 7500 |
| ചായ , ലഘുഭക്ഷണം | 5740 |
| ആകെ | 47487 |

13-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.നം 80/2017/ത.സ്വ.ഭ.വ. തീയതി:03.04.2017) യിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ടി പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ടി മാർഗ്ഗരേഖയിലെ ഖണ്ഡിക 32.3 പ്രകാരം തദ്ദേശസ്ഥാപനതലത്തിൽ ടീം രൂപീകരിക്കുന്നതിനു വേണ്ടിയുള്ള ടീം രൂപീകരണ സെലക്ഷൻ ട്രയൽ, ചാമ്പ്യൻഷിപ്പ്, ഒരു മാസത്തെ പരിശീലനം, സർട്ടിഫിക്കറ്റ്, യൂണിഫോം, ക്യാഷ് അവാർഡ്, ട്രോഫി, അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രയിനറുടെ പ്രതിഫലം എന്നിവയ്ക്കായി ഒരു ഗെയിമിന് ഗ്രാമപ്പഞ്ചായത്തിൽ 30000 രൂപയാണ് ചെലവഴിക്കാനാകുന്നത്. ഇതിൽ നിന്നും വ്യതിചലിച്ച് 50000 രൂപയുടെ പ്രോജക്ട് തയ്യാറാക്കുകയും 47487 രൂപ ചെലവഴിക്കുകയും ചെയ്തു. ഇവിടെ സ്രക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 17487 രൂപ കൂടുതലായി ചെലവഴിച്ചു. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് (ഓഡിറ്റ് അന്വേഷണ നം:5, തീയതി:12.12.2018) നല്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണ ചെലവായി കണക്കാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇത് അംഗീകരിക്കാനാകില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയത് ശരിയായ നടപടിയില്ല.

പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച വോളിബോൾ ടീം അംഗങ്ങൾക്ക് ഷോട്സ്, ജഴ്സി, ഷൂസ് എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടി മാർഗ്ഗരേഖയിലെ ഖണ്ഡിക 7 പ്രകാരം പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ഒഴികെയുള്ളവർക്ക് ഷൂസ് വാങ്ങി നല്കാനാവില്ല എന്നിരിക്കെയാണ് ഷൂസിന് വേണ്ടി 15000 രൂപ ചെലവഴിച്ചിരിക്കുന്നത്. സർക്കാർ നിർദ്ദേശപ്രകാരം സബ്സിഡി നല്കാനാകാത്ത ഷൂസ് വാങ്ങിനല്കിയത് തെറ്റായ നടപടിയാണ്. ഷൂസിന്റെ വില 15000 രൂപ ഉൾപ്പടെ, സർക്കാർ നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് ചെലവഴിച്ച 17487 രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഈ പ്രോജക്ട് നടപ്പാക്കിയതിലെ മറ്റു ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(1).ഒരു മാസത്തെ പരിശീലനം എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. എന്നാൽ 5 ദിവസം മാത്രം പരിശീലനം നല്കി ടീം രൂപീകരിക്കുകയാണുണ്ടായത്. പരിശീലനകാലയളവ് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ നല്കിയ മറുപടിയിൽ ഒരു മാസത്തെ ചെലവിന് പര്യാപ്തമായ തുകയില്ലാത്തതിനാൽ ഒരു മാസത്തെ പരിശീലനം ലഭിക്കുന്ന തരത്തിൽ 5 ദിവസം കൊണ്ട് തീവ്രപരിശീലനം നല്കുകയാണുണ്ടായത് എന്ന് വ്യക്തമാക്കി. ഇത്തരം തീവ്രപരിശീലനം കായികതാരങ്ങൾക്ക് അനുയോജ്യമാണെന്ന് പരിശീലകരോ ഡോക്ടറോ ശിപാർശ ചെയ്തിട്ടില്ല.

(2)തദ്ദേശസ്ഥാപനതലത്തിൽ നടത്തുന്ന കായിക പ്രവർത്തനങ്ങളും ഉൾപ്പെടുത്തി സ്പോർട്സ് കലണ്ടർ രൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ടായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കുന്നില്ല.

സർക്കാർ നിർദ്ദേശം പാലിച്ച് ടീമിന്റെ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും മികച്ച ടീമായി മാറുന്നതിനാവശ്യമായ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും സാധ്യമാക്കേണ്ടതുമാണ്.

## 3-8 സാംസ്കാരികനിലയം ലൈബ്രറി പ്രവർത്തനം നിർത്തി

കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് vii--ാം വാർഡിൽ പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറി 01.06.2015 മുതൽ പ്രവർത്തിക്കുന്നില്ല. പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2050 പുസ്തകങ്ങൾ ഉണ്ട്. ലൈബ്രറി അംഗത്വ രജിസ്റ്റർ പ്രകാരം 206 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്. 16.02.2015 തീയതി വരെ അംഗത്വത്തിനും മറ്റുമായി രസീത് നൽകിയിട്ടുമുണ്ട്. ലൈബ്രറിയുടെ പ്രവർത്തനം നിലച്ചതിന്റെ കാരണം നിലവിലെ പുസ്തകങ്ങളുടെ സൂക്ഷിപ്പ്, ലൈബ്രേറിയന്റെ ജോലി തുടങ്ങിയവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (7/12.12.2018) ത്തിന് സ്ഥാപനത്തിലെ പാർട്-ടൈം ലൈബ്രേറിയനായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ജൂവീരിയത്ത് ബായി ഫുൾടൈം സ്വീപ്പറായി ഉദ്യോഗകയറ്റം ലഭിച്ച് സ്ഥലം മാറ്റം ലഭിച്ച് മാന്നാർ ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി നിയമിക്കപ്പെട്ടതിനുശേഷം പുതിയ ലൈബ്രേറിയനെ നിയമിച്ചില്ല. പുസ്തകങ്ങൾ ലൈബ്രറിയിൽ തന്നെ സുരക്ഷിതമായി തുടർന്നും സൂക്ഷിച്ചുവരുന്നു എന്ന മറുപടി ലഭ്യമാക്കി.

ഭൗതിക പരിശോധനയിൽ സാംസ്കാരിക നിലയം ലൈബ്രറിയിൽ നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവരികയും പുസ്തകങ്ങൾ ടി കെട്ടിടത്തിലെ തന്നെ ഒരു മുറിയിൽ പൂട്ടി സൂക്ഷിച്ചിരിക്കുന്നതായും ശ്രദ്ധയിൽ പെട്ടു. നിലവിൽ ടി സ്ഥാപനത്തിൽ തന്നെ ലൈബ്രറിയുടെ പ്രവർത്തനം തുടരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ലൈബ്രറി പ്രവർത്തനം തുടങ്ങുന്നതുവരെ പുസ്തകങ്ങൾ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സുരക്ഷിതത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പമ്പ് ഹൗസ്-കളയ്ക്കാട് റോഡ് റീടാറിംഗ്: നഷ്ടപരിഹാരം ഈടാക്കിയില്ല

പൂർത്തീകരണ കാലാവധി ലംഘിച്ച പമ്പ് ഹൗസ്-കളയ്ക്കാട് റോഡ് റീടാറിംഗ് പ്രോജക്റ്റി(70/18)ൽ കരാറുകാരനിൽ

നിന്ന് നഷ്ടപരിഹാരം ഈടാക്കിയില്ല.

ഇ - ടെണ്ടർ ചെയ്ത പ്രോജക്ടിന്റെ ടെണ്ടർ നോട്ടീസിൽ 120 ദിവസമായിരുന്നു പൂർത്തീകരണ കാലാവധി. കരാറുകാരൻ പ്രസേനൻ 27.1.17ൽ പണിസ്ഥലം ഏറ്റെടുത്തു. അതിനാൽ ടെണ്ടർ നോട്ടീസിലെ പൂർത്തീകരണ കാലാവധി അനുസരിച്ച് 27.5.17ന് മുമ്പ് പണി തീർക്കേണ്ടതായിരുന്നു. ആ തീയതിക്ക് പണി പൂർത്തിയാക്കിയില്ല. മാത്രമല്ല 20.07.17ലെ കരാറുകാരന്റെ അപേക്ഷ സ്വീകരിച്ച് നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ(എ.ഇ) 31.01.18 വരെ പൂർത്തീകരണ കാലാവധി നീട്ടി നല്കി. അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടി താഴെ പറയുന്ന കാരണങ്ങളാൽ 2012-ലെ പി.ഡബ്ല്യൂ.ഡി മാന്വൽ, സെക്ഷൻ 2116.1 ന് വിരുദ്ധമാണ്.

1.സെക്ഷൻ 2112.1അനുസരിച്ച് കാലാവധി നീട്ടുന്നതിന് കരാറുകാരൻ പൂർത്തീകരണ കാലാവധിക്ക് മുമ്പ് അപേക്ഷ നല്കണം. ഇവിടെ പൂർത്തീകരണ കാലാവധി (27.5.17) കഴിഞ്ഞ് 20.07.17ലാണ് കരാറുകാരൻ അപേക്ഷ സമർപ്പിച്ചത്.

2. വർദ്ധിപ്പിച്ച് നല്കാവുന്ന കൂടിയ സമയം അനുവദിക്കപ്പെട്ട പൂർത്തീകരണ കാലാവധിയുടെ 50% സമയം മാത്രമാണ്.

കാലാവധി നീട്ടി നല്കിയ പത്രികയിൽ പണി നീണ്ടത് കരാറുകാരന്റെ വീഴ്ചകൊണ്ടാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും മാന്വൽ നിർദേശിക്കുന്ന പിഴ ഈടാക്കിയില്ല. ഈ വിഷയത്തിൽ സൂചന സെക്ഷനാണ് ബാധകം. ഇത് അനുസരിച്ച് വൈകിയ കാലത്തിന് കരാറുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കേണ്ടതാണ്. 27.05.17മുതൽ 31.01.2018വരെയാണ് വൈകിയ കാലം. ഇതിന് സൂചന സെക്ഷൻ അനുസരിച്ച് ആഴ്ചക്ക് 0.1% നിരക്കിൽ പിഎസി (691000 രൂപ )യുടെ 3% നഷ്ടപരിഹാരം = 20730രൂപ ഈടാക്കേണ്ടിയിരുന്നു.

കാലാവധി നീട്ടിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടി ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുമില്ല. മാന്വലിന് നിരക്കാത്ത നിർവണഉദ്യോഗസ്ഥന്റെ നടപടിയിൽ വിശദീകരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം-3/11.12.18).

<u>പ്രോജക്ടിന്റെ മറ്റ് വിവരങ്ങൾ</u>

എഗ്രിമെന്റ്.1/16-17/എ.ഇ/എൽ.എസ്.ജി.ഡി/കെ.പി.എം;18.01.17.

ചെലവ് -548142/-രൂപ (ബിൽ.53/17-18/70/18;31.03.18)

## 3-10 <u>സേവന നികുതി : രസീതില്ലാതെ കരാറുകാരന് നല്കി</u>

പ്രോജക്ട്.77/18- അങ്കണവാടി അറ്റകുറ്റപണി (വാർഡ്-5)

കരാറുകാരൻ നിർവഹിച്ച സൂചന പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ സേവന നികുതി ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ എം.ബുക്കി (157/15-16)ൽ പണിയുടെ ആകെ മൂല്യ(186310രൂപ)ത്തിനൊപ്പം 6% സേവന നികുതി-11179/-രൂപ കൂടി കൂട്ടിയാണ് കരാറുകാര (പ്രസേനൻ)ന്റെ ബില്ല് തീർപ്പാക്കിയത്. കരാറുകാരൻ കേന്ദ്രസർക്കാരിൽ സേവന നികുതി അടച്ചതായി തെളിയിക്കുന്ന ഇ രസീത്, വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരന്റെ സേവന നികുതി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപെടുത്തിയ പകർപ്പും ഫയലിലില്ല.

സേവനനികുതി കേന്ദ്രസർക്കാരിൽ ഒടുക്കിയതായി തെളിയിക്കുന്ന രേഖയില്ലാതെ കരാറുകാരന് നല്കുന്നത് അധികചെലവായതിനാൽ 11179/-രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം തേടി നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം (21/18.12.18)നല്കിയിരുന്നു.

## 3-11 <u>ടാറിംഗ് പ്രോജക്ട്: ടാറിന്റെ ബില്ല് ഇല്ല</u>

ടാറിംഗ് പ്രോജക്ടുകളിൽ ടാറിന്റെ ഒറിജിനൽ ബില്ല് ഹാജരാക്കണമെന്ന് DB3-6512(C)/2013/CE/LSGD,03 /11/2016സർക്കുലർ നിർദ്ദേശിക്കുന്നു. എന്നാൽ കരാറുകാർ / ഗുണഭോക്തൃസമിതി കൺവീനർ നിർവഹിച്ച 83/18, 88/18, 150/18, 60/18 എന്നീ 4 ടാറിംഗ് പ്രോജക്ടുകളിൽ എം.ബുക്ക് പ്രകാരം നിർവഹിച്ച അളവിൽ ടാർ ഉപയോഗിച്ചതായി തെളിയിക്കുന്നതിന് ടാറിന്റെ ഒറിജിനൽ ബില്ല് വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ മേൽ പ്രോജക്ടുകളിൽ ടാർ ഉപയോഗിച്ചിട്ടുണ്ടെന്നതിന് തെളിവില്ല. ടാറിംഗ് പ്രോജക്ടുകളിൽ ടാറിന്റെ ബില്ല് കരാറുകാരിൽ നിന്ന് വാങ്ങി സൂക്ഷിക്കാഞ്ഞത് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്.

ഗുണഭോക്തൃസമിതിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ടാറിന് ഇന്റന്റ് നല്കിയതായി കാണുന്നില്ല. ഇന്റന്റ് ഇല്ലാതെ

കൺവീനർമാർക്ക് എങ്ങനെ ടാർ ലഭിച്ചു എന്നതിനും വിശദീകരണം ഇല്ല. ടാറിന്റെ ബില്ല് ഹാജരാക്കുവാനും വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടും അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് അന്വേഷണം (20/19.12.18) നല്കിയിരുന്നു. മേൽ പ്രോജക്ടിന്റെ ബിൽ ഹാജരാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃ സമിതിക്ക് ഓവർഹെഡ് ചാർജ് അധികം നല്കി

ഗുണഭോക്തൃ സമിതി നടപ്പാക്കിയ മരാമത്ത് പ്രോജക്ടുകളിൽ ഓവർഹെഡ് ചാർജ് അധികം നല്കി.

ഗുണഭോക്തൃ സമിതി നിർവഹിച്ച പ്രോജക്ടുകൾക്ക് 10% ഓവർഹെഡ് ചാർജാണ് നല്കിയിരിക്കുന്നത്. 01.07.2017ന് ശേഷം ബില്ല് തീർപ്പാക്കിയ പ്രോജക്ടുകൾക്ക് ജിഎസ് ടി അടക്കേണ്ടതില്ല. അതിനാൽ ഓവർഹെഡ് ചാർജിൽ വാറ്റിന് വകയിരുത്തിയ 5% തുക കുറവ് ചെയ്ത് വേണമായിരുന്നു കൺവീനർമാരുടെ ബില്ല് തീർപ്പാക്കേണ്ടത്. (കൺവീനർമാരുടെ ബില്ലിൽ നിന്ന് 2.5% ഓവർഹെഡ് കുറവ് ചെയ്തിട്ടുണ്ട്. ഇതിന് വിരുദ്ധമായി 5% കുറയ്ക്കാതെ 6 പ്രോജക്ടുകളുടെ ബില്ല് തീർപ്പാക്കിയതിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഉണ്ടായ അധികചെലവ് :

| പ്രോജക്ട് | കൺവീനർ, എം.ബുക്ക് | അധിക ചെലവ് (ചെലവിന്റെ വിവരം) |
|---|---|---|
| 100/18-തറയിൽ മുക്ക്-അമ്പിയിൽ മുക്ക് റോഡ് പുനരുദ്ധാരണം | അബ്ദുൾ ഹമീദ് (എം.ബുക്ക് 538) | 7108(ബിൽ.38/17-18/100/18; 10.01.18-142163/-രൂപ) |
| 96/18-ബഡ്സ് സ്കൂൾ കിണർ നിർമ്മാണം | റഹ്മാ ബീവി (എം.ബുക്ക് XII/09-10) | 1858 (ബിൽ.51/17-18/5096/18-37153 /-രൂപ) |
| 86/18-വാത്തിപറമ്പിൽ ഗുരുമന്ദിരം റോഡ് മെറ്റലിംഗ് & ടാറിംഗ് | ജോൺ വർഗീസ് (എം.ബുക്ക് 286/14-15) | 10606 (ബിൽ.372366/30.03.18-212127 /-രൂപ) |
| 101/18-കവറാട്ട് മുക്ക് ലക്ഷം വീട്കോളനി റോഡ് മെയിന്റനൻസ് | അബ്ദുൾ സത്താർ (എം.ബുക്ക്.316) | 8481(ബിൽ.37/17-18 /5101/18;10.01.18-169612/-രൂപ) |
| 85/18-മഠത്തിൽ മുക്ക് കളീക്കൽ റോഡ് ടാറിംഗ് | കെ. രാമചന്ദ്രൻ നായർ (എ.ബുക്ക്.118/17-18) | 6549(ബിൽ.52/17-18/5085/18; 31.03.18-130982/-) |
| 99/18-ഈരിയ്ക്കൽ കാട്ടിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് | ഷാജി (എ.ബുക്ക്.127/15) | 1765 (ബിൽ .44/17-18/5099/18 /35291/-) |
| ആകെ | | 36367 |

അധികചെലവ് G.O(P)30/16 Fin,29.2.2016, DB3-9058/17/CE/LSGD,16.03.18 ഉത്തരവുകളുടെ ലംഘനമായ തിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്. അതിനാൽ കൺവീനർമാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. നഷ്ടം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ നിർണ്ണയിക്കാതിരിക്കാൻ വിശദീകരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം-10/13.12.18).

## 3-13 പി.റ്റി.എ.ക്ക് ഓവർഹെഡ് ചാർജ് അധികം നല്കി

2017-18 - ൽ തയ്യിൽ തെക്ക് ഗവ.എൽ.പി.എസ്. അറ്റകുറ്റപണി എച്ച്.എം കൺവീനറായി പി.റ്റി.എ നിർവഹിച്ചതായി കാണുന്നു. പ്രൈസിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 7.5%മാണ് ഓവർഹെഡ് ചാർജ് നല്കിയിരിക്കുന്നത്. സർക്കാർ നിർദേശം അനുസരിച്ച് പ്രോജക്ടിന് ജി.എസ്.ടി അടയ്ക്കേണ്ടതില്ല. പ്രോജക്ടിന്റെ എം.ബുക്ക്(134/15),ബില്ല് (41/17-18/28.02.18) എന്നിവ അനുസരിച്ച് കൺവീനർ ജി.എസ്.ടി അടച്ചിട്ടുമില്ല. അതിനാൽ ഓവർഹെഡ് ചാർജിൽ വാറ്റിന് വകയിരുത്തിയ 5% തുക കുറവ് ചെയ്ത് വേണമായിരുന്നു കൺവീനറുടെ ബില്ല് തീർപ്പാക്കേണ്ടത്. ഇതിന് വിരുദ്ധമായി 5% കുറയ്ക്കാതെ പ്രോജക്ടിന്റെ ബില്ല് തീർപ്പാക്കിയതിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഉണ്ടായ അധികചെലവ് താഴെ വിവരിക്കുന്നു.

എം.ബുക്ക് അനുസരിച്ച് ആകെ മൂല്യം = 80095/-രൂപ

ഓവർഹെഡ് ചാർജ് അധികം നല്കിയത് = 5% x 80095 = 4050/-രൂപ

അധികചെലവ്-4050രൂപ സൂചന ഉത്തരവുകളുടെ ലംഘനമായതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്. അതിനാൽ കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. നഷ്ടം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ നിർണയിക്കാതിരിക്കാൻ വിശദീകരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം-13/15.12.18 ചെലവിന്റെ വിവരം: ബിൽ.41/17-18/28.02.18 - 80095/-രൂപ).

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ഇരട്ടവീട് ഒറ്റവീടാക്കൽ | 300000 | 0 |
| | | 300000 | ബഡ്സ് സ്കൂൾ | 300000 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 100000 | 47-ാം നം. അങ്കണവാടി | 0 | 100000 |
| | | 130891 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 1,30,891 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 126250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 119600 | 6650 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 280000 | - | 280000 |
| വാട്ടർ അതോറിറ്റി. | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 75000<br>2106600 | 0 | 75000<br>2106600 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| ഇ.എം.എസ്. ഹൗസിംഗ് സ്കീം | 747/2010/lsgd Dtd. 05.03.2010 | 14000000 | 653658 | 928 | 652730 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8. ചാർജ്ജ് / സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2007-08 | 3-4(c) | ശ്രീ.സതീഷ്കുമാർ | LF-5306/ spl.cell/csc /B3/2012 /24.12.14 | 58500 | - | - | - | -- | - | 58500 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53020766 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60200401 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 89813 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3344661 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 17487 | ആദില, സെക്രട്ടറി |
| 3-9 | | 20730 | ജിതുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 11179 | ജിതുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | | 36367 | ജിതുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 4050 | ജിതുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 89813 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9270 | ആദില, സെക്രട്ടറി |
| 3-2 | 48791 | ഡോ.ആനന്ദ് എം.ഒ, പി.എച്ച്.സി |
| 3-4 | 100000 | എം.ഷാജഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 50000 | എം.ഷാജഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 3136600 | ആദില, സെക്രട്ടറി |
| ആകെ | 3344661 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജിതുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | പാരിജാത, റ്റി.സി.11/135, A155, കനക നഗർ, നന്ദൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695503<br>നം.8129601020 |
| ശ്രീമതി.ആദില | സെക്രട്ടറി | കാവിൽ ഹൗസ്, ആല്ലുംപീടിക, ഓച്ചിറ. |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99<br>1999-00<br>2001-02<br>2002-03<br>2003-04 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 2004-05,<br>2005-06<br>2006-07<br>2007-08<br>2008-09<br>2009-10 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2010-11 | എൽ.എഫ്.എ-പി.4-870/201/03.10.2013 |
| 2011-12,<br>2012-13 | എൽ.എഫ്.എ-പി.4-1859/14/26.11.2014 |
| 2013-14,<br>2014-15 | എൽ.എഫ്.എ-പി.4-873/201/04.08.2015 |

| | |
|---|---|
| 2015-16 | എൽ.എഫ്.എ-പി.4-1523/16 |
| 2016-17 | എൽ.എഫ്.എ-പി.4-616/17/15.06.2017 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(15)/2018 തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്